FRIDAY

27/09/2024

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/09/2024

1. ന്യൂ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ നവംബർ 14 മുതൽ 27 നടക്കുന്ന 47-ാം മത് ഭാരത അന്താരാഷ്ട്ര വ്യാപാര മേളയോടനുബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പവലിയൻ 250 ചതുരശ്ര മീറ്ററിൽ ഡിസൈനും ഫാബ്രിക്കേഷനും ചെയ്യുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. ഇത്തവണത്തെ വ്യാപാരമേളയുടെ തീം 'വികസിത് ഭാരത് @ 2047' എന്നാണ്. കൂടുതൽ വിവരങ്ങൾക്ക് : www.prd.kerala.gov.in ഫോൺ 0471-2518013, 2518447, 9447971832

2. കൃഷി വകുപ്പ് RKVY മില്ലെറ്റ് കഫേ മില്ലെറ്റ് ഉൽപ്പന്നങ്ങളുടെ receipe യുമായി ബന്ധപ്പെട്ട് IIMR ഹൈദരാബാദിലെ Nutri Hub ൽ വച്ച് നടത്താൻ ഉദ്ദേശിക്കുന്ന ഒരാഴ്ചത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള 30 വയസ്സിൽ താഴെ പ്രായമുള്ളതും ഹോട്ടൽ മാനേജ്മെന്റിൽ ബിരുദമുള്ളതുമായ യുവതീ യുവാക്കളിൽ നിന്നും ഒക്ടോബര് 5 നകം അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് directorofmarketingagri@gmail.com എന്ന ഇ മെയിൽ ഐഡിയിൽ ബന്ധപ്പെടുക.

3. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ള കർഷകർ, അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ആദ്യഘട്ടത്തിൽ ജില്ലയിലെ ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് കൃഷിവകുപ്പ് കൂൺ കൃഷിയുമായി ബന്ധപ്പെട്ട സൗജന്യ പരിശീലനങ്ങൾ നൽകും. താല്പര്യമുള്ള കർഷകർ കൂടുതൽ വിവരങ്ങൾക്ക് ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.

4. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണൂത്തിയിൽ കൂൺ വിത്തുകൾ വില്പനക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം പദ്ധതിയുടെ ഭാഗമായി ഒഴിവുള്ള ഒരു ബ്ലോക്കുകളിലേയ്ക്ക് CMD മുഖേന നിയമനം നടത്തുന്നതുവരെയോ 89 ദിവസം കാലയലവിലേയ്ക്കോ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ വെറ്ററിനറി സർജന്മാരെ താത്കാലികാടിസ്ഥാനത്തിൽ തെരെഞ്ഞടുക്കുന്നതിനായിയും കൂടാതെ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ അത്യാവശ്യ സർവ്വീസ് നടത്തുന്നതിലേക്കായും 28/09/2024 ന് യഥാക്രമം രാവിലെ 10.30 നും 11 മണിയ്ക്കും ജില്ലാ മൃഗസംരക്ഷണ ഓഫീസ്, എസ്.എസ് കോവിൽ റോഡ്, തമ്പാനൂരിൽ വച്ച് വാക്ക്-ഇൻ- ഇൻ്റർവ്യൂ നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (KSVC) രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഇൻ്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 0471 2330736 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ഇൻ്റർവ്യൂവിനു പങ്കെടുക്കുമ്പോൾ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും ഏതെങ്കിലുമൊരു തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.

6. വളർത്തു മൃഗങ്ങളുടെ രോഗനിർണയത്തിനും ചികിത്സയ്ക്കും വീട്ടു പടിക്കൽ ആധുനിക സൗകര്യങ്ങളോടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എറണാകുളം ജില്ലയിലെ മുവാറ്റുപുഴ വെറ്ററിനറി പോളി ക്ലിനിക്കിൽ എല്ലാ വ്യാഴാഴ്ചയും വെള്ളിയാഴ്ചയും മൊബൈൽ ടെലി വെറ്ററിനറി യുണിറ്റ് ക്യാംപ് ചെയ്ത് സേവനം ലഭ്യമാക്കും. സ്കാനിങ് മെഷീൻ, പശുവിനെ ഉയർത്തുന്ന യന്ത്രം എന്നിവ സജ്ജീകരിച്ച മൃഗസംരക്ഷണ വകുപ്പിന്റെ

മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് വീട്ടു മുറ്റത്ത് എത്തും. വിളിക്കേണ്ട ഫോൺ നമ്പർ 7909188939.

7. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'കോഴിവളർത്തൽ' എന്ന വിഷയത്തിൽ 30.09.2024ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/-രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773, 8547070773 എന്നീ ഫോൺ നമ്പറുകളിൽ 29.09.2024, ന് മുമ്പായി ബന്ധപ്പെടുക.

8. ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ നടത്തുന്നവരുടെ സംഗമവും ഏകദിന ശില്പശാലയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 4-ാം തീയതി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

9. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'സുരക്ഷിതമായ പാലുൽപ്പാദനം'' എന്ന വിഷയത്തെ ആസ്പദമാക്കി 27, 28 തീയതികളിലെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 03, 04 തീയതികളിൽ ''ശുദ്ധമായ പാലുല്പാദനം ' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻറെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 1-ാം തീയതി 5 മണിക്കു മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471- 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ , തിരുവനന്തപുരം - 695004.Email ID: principaldtctvm@gmail.com

11. കേരള ഫിഷറീസ് സർവകലാശാല 80 കർഷകർക്കായി ഉയർന്ന എക്സ്പോർട്ട് ക്വാളിറ്റിയുള്ള കായൽ ഞണ്ട് MUD CRAB വളർത്തൽ പരിശീലനം സെപ്റ്റംബർ 28ന് സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ ബുക്കിങ്ങിനായി 9544553253 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം